**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **08-06-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; നിലവിലെ മില്ലിന്റെ നവീകരണത്തിനായി പ്രഖ്യാപിച്ച 7 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലെന്ന് അറിയിക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ ' കോട്ടയം ടെക്സ്റ്റയിൽസ് ' അസംസ്കൃത വസ്തുവിന്റെ അഭാവംമൂലം 03.01.2020 മുതൽ പ്രവർത്തനക്ഷമമല്ല. വൈദ്യുതി ചാർജ്ജ് കുടിശ്ശിക വന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി വൈദ്യുതി വിഛേദിച്ചതിനെ തുടർന്ന് 07.02.2020 മുതൽ മിൽ ലേ-ഓഫിലാണ്. കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 1.51 കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുകയുണ്ടായി. തൊഴിലാളികളുടെ ഷിഫ്റ്റ് സംബന്ധമായ തർക്കവിഷയം ഇപ്പോൾ ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലായതിനാൽ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 7 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മിൽ തുറന്നു പ്രവർത്തിക്കാൻ നിർവാഹമില്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. |
| (ബി) | സ്ത്രീ തൊഴിലാളികളുടെ രാത്രികാല ഷിഫ്റ്റ് സംബന്ധിച്ചുള്ള പ്രശ്നത്തിൽ നിയമ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്റ്റ്, 1948 സെക്ഷൻ 66ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള കരട് ഓർഡിനൻസ് അംഗീകരിക്കുന്നതിനും ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമായതിനാൽ മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹു. രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടിയിരിക്കുകയാണ്. |
| (സി) | കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ | (സി) | തുടർച്ചയായി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ |

| | | | |
|---|---|---|---|
| | റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്നറിയിക്കാമോ? | | കാരണം മില്ലിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടുത്ത് തീർത്തിട്ടില്ല. കോർപ്പറേഷന്റെ ധന ലഭ്യതയ്ക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ